# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.4401

26.6.2014-ൽ മറുപടിക്ക്

## കുളത്തൂർ ടെക്നിക്കൽ സ്കൂൾ സൂപ്രണ്ടിനെതിരായ അച്ചടക്ക നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ് | ശ്രീ.പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കുളത്തൂർ ടെക്നിക്കൽ സ്കൂൾ സൂപ്രണ്ടിനെ അച്ചടക്ക നടപടിയുടെ ഭാഗമായി സ്ഥലം മാറ്റിക്കൊണ്ട് ഉത്തരവ് നൽകിയത് എന്നാണ് ; | (എ) 19.2.2014. |
| (ബി) സ്കൂൾ സൂപ്രണ്ട് എന്നാണ് പ്രസ്തുത ഉത്തരവിനെതിരെ കോടതിയെ സമീപിച്ചത് എന്ന് വ്യക്തമാക്കുമോ ; | (ബി) 19.3.2014. |
| (സി) സ്ഥലമാറ്റ ഉത്തരവനുസരിച്ച് റിലീവ് ചെയ്യുന്നതിന് ഉണ്ടായ കാലതാമസം വ്യക്തമാക്കാമോ ; ഉത്തരവ് തീയതി മുതൽ ബഹു. കോടതി ഉത്തരവ് വരുന്നതുവരെ സ്കൂൾ സൂപ്രണ്ടിനെ ഡയറക്ടർ റിലീവ് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; | (സി) സ്കൂൾ സൂപ്രണ്ട് 28.2.2014 മുതൽ 14 ദിവസത്തേയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതമുള്ള അർദ്ധവേതനാവധിയിൽ പ്രവേശിക്കുകയും, തുടർന്ന് ഇലക്ഷൻ ഡിക്ളയർ ചെയ്യുകയും ചെയ്തു. അതിനുശേഷം ബഹു.കോടതിയിൽ നിന്നുള്ള അന്തിമ തീരുമാനത്തിനായിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാനെ ഹിയറിംഗിന് വിളിച്ച് പഴയ ഉത്തരവ് നിലനിർത്തുകയും ചെയ്തു. |
| (ഡി) ഇത് സംബന്ധിച്ച് ഡയറക്ടർ ബഹു.കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (ഡി) ഡിപ്പാർട്ട്മെന്റിൽ നിന്നും സത്യവാങ്മൂലം സമർപ്പിക്കുന്നതിന് മുമ്പായിട്ട് തന്നെ ബഹു.കോടതിയിൽ നിന്ന് അന്തിമ ഉത്തരവ് ലഭിക്കുകയാണ് ഉണ്ടായത്. ആയതുകൊണ്ട് ഡയറക്ടർ സത്യവാങ്മൂലം കോടതിയിൽ സമർപ്പിച്ചിട്ടില്ല. |
| (ഇ) ഡയറക്ടർ ഇറക്കിയ പ്രസ്തുത സ്ഥലമാറ്റം ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ സ്ഥലമാറ്റ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ ; | (ഇ) ഡയറക്ടർ ഇറക്കിയ സ്ഥലമാറ്റ ഉത്തരവ് റദ്ദാക്കിയിട്ടില്ല. 28.2.2014 മുതൽ 14 ദിവസത്തേയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതമുള്ള അർദ്ധവേതനാവധിയും തുടർന്ന് ഇലക്ഷനോടനുബന്ധിച്ചുള്ള പെരുമാറ്റച്ചട്ടവും നിലവിൽ വന്നതിനാലാണ് ഉത്തരവ് നടപ്പിലാക്കാൻ തടസ്സമായത്. |

(എഫ്) കളത്തൂർ ടെക്നിക്കൽ സ്കൂൾ സൂപ്രണ്ടിനെ മാറ്റിക്കൊണ്ട് ഇറക്കിയ ഉത്തരവ് പ്രകാരം ആർക്കെങ്കിലും ചാർജ് നൽകിയിട്ടുണ്ടോ ; സ്ഥലമാറ്റ ഉത്തരവ് നൽകിയിട്ടും ജീവനക്കാരനെ റിലീവ് ചെയ്യിക്കാത്ത ഡയറക്ടർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

(എഫ്) 21.2.2014 മുതൽ ശ്രീ.എ.എൻ.സുരേന്ദ്രകുമാർ (വർക്ക്ഷോപ്പ് ഫോർമാൻ)ന് ചാർജ് നൽകിയിട്ടുണ്ട്. സൂപ്രണ്ട് സ്ഥാപന മേധാവിയായതിനാൽ ചാർജ് സ്വയം കൈമാറ്റം ചെയ്തു പോകുകയാണ് പതിവ്.

സെക്ഷൻ ഓഫീസർ